(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) കോടതിയിൽ വ്യവഹാരം നിലനിൽക്കുന്നതിനാൽ പാർക്ക് ഉടമ കളക്ഷൻ സ്റ്റേറ്റ്മെന്റ് നൽകുന്നില്ല. ഈ സാഹചര്യത്തിൽ ഇതേവരെയുള്ള വിനോദ നികുതി കണക്കാക്കിയിട്ടില്ല.

(എഫ്) വിനോദനികുതി നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതി അനുസരിച്ച് നികുതി കണക്കാക്കാനുള്ള നടപടികൾ നടന്നുവരുന്നു.

(ജി) ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കിയതിനുശേഷം മാത്രമേ വ്യത്യാസം മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങളുടെ പുരോഗതി

222 [3194] *ശ്രീ. എ. സി. ഷൺമുഖദാസ്:*
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. സി. ജോസഫ്:
„ കെ. പി. മോഹനൻ:
„ സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പു സംബന്ധിച്ച് എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) വാർഡ് വിഭജനം എന്നേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; അതു സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വോട്ടർ പട്ടികയ്ക്ക് അവസാനരൂപം നൽകാൻ എന്നേക്ക് കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; അതുസംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ടർ ഐഡന്റിറ്റി കാർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിന്റെ ഭാഗമായി നടക്കുന്ന വോട്ടർ പട്ടിക പുതുക്കൽ നടപടി പുരോഗമിക്കുന്നു. അന്തിമ വോട്ടർപട്ടിക 8-8-2005-ൽ സംസ്ഥാന ഇലക്ഷൻ കമ്മീഷൻ പ്രസിദ്ധപ്പെടുത്തുവാനാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവുപ്രകാരം സ്റ്റേ നിലവിലുള്ളവ ഒഴികെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഡ് വിഭജന പ്രക്രിയ 31-8-2005-ന് മുൻപ് പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.

(സി) 8-8-2005-ൽ പ്രസിദ്ധപ്പെടുത്തുന്ന അന്തിമവോട്ടർപട്ടിക ഡീലിമിറ്റേഷൻ നടപടി പൂർത്തിയാക്കിയതിനുശേഷം സംസ്ഥാന ഇലക്ഷൻ കമ്മീഷൻ ആവശ്യമായി പരിഷ്കരിച്ച് പൊതുതെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയ്ക്ക് അന്തിമരൂപം നല്കുന്നതാണ്.

(ഡി) ഉദ്ദേശിക്കുന്നില്ല.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണം സുതാര്യമാക്കാൻ നടപടി

223 [3195] *ശ്രീ. ജോർജ്ജ് ജെ. മാത്യു:*
„ കെ. മോഹൻ കുമാർ:
.. ടി. എൻ. പ്രതാപൻ:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണം സുതാര്യമാക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എന്തെല്ലാം വിധത്തിലെന്ന് വ്യക്തമാക്കാമോ;

(ബി) അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം സുതാര്യമാക്കുന്നതുകൊണ്ട് അതിലെ അഴിമതി തുടച്ചുനീക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly